# റിങ് റോഡിലെ പ്ലാസ്റ്റിക് നീക്കി എൻഎസ്എസ് പ്രവർത്തകർ

പത്തനംതിട്ട ● റിങ് റോഡ് പ്ലാസ്റ്റിക് വിമുക്തമാക്കി നാഷനൽ സർവീസ് സ്കീം (എൻഎസ്എസ്) പ്രവർത്തകർ. തൈക്കാവ് ഗവ.ഹയർ സെക്കൻഡറി സ്കൂളിൽ ആരംഭിച്ച എൻഎസ്എസ് ക്യാംപിനോട് അനുബന്ധിച്ചാണ് ഇന്നലെ ശുചീകരണ പ്രവർത്തനം നടന്നത്. 38 വിദ്യാർഥികൾ തങ്ങളുടെ അധ്യാപകരുടെ നേതൃത്വത്തിൽ 4 പേർ വീതം അടങ്ങുന്ന സംഘമായി തിരിഞ്ഞാണു നിരത്തോരത്തു വലിച്ചെറിഞ്ഞിരുന്ന പ്ലാസ്റ്റിക് കുപ്പികളും കവറുകളും മറ്റു പ്ലാസ്റ്റിക് മാലിന്യങ്ങളും ചാക്കുകളിലും മറ്റും ശേഖരിച്ചത്. ഇങ്ങനെ ചാക്കുകളിലും മറ്റും നിറച്ച മാലിന്യം നഗരസഭ ശുചീകരണ വിഭാഗം വാഹനം അതാതിടങ്ങളിൽ എത്തി ശേഖരിച്ചു.

# അങ്കണവാടി കെട്ടിടം